"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാം ലെ ഫാർമസിസ്റ്റ് തസ്തിക പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിലെ എഫ്.ഡബ്ല്യു. സ്റ്റോറിലേയ്ക്ക് ഷിഫ്റ്റ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.23/2025/H&FWD തീയതി,തിരുവനന്തപുരം, 22-01-2025

---

പരാമർശം:- 1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 28/12/2023 തീയതിയിലെ ഡി.എച്ച്.എസ്./24717/2023/പി.എൽ.ബി.1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാം-ൽ ആരോഗ്യ വകുപ്പിന്റെ ഒരു ഫാർമസിസ്റ്റ് തസ്തികയുണ്ടെന്നും നിലവിൽ പ്രസ്തുത തസ്തികയിൽ ജോലിയിൽ പ്രവേശിച്ചയാൾ അന്നേ ദിവസം മുതൽ അവധിയിലാണെന്നും ഇപ്പോൾ ഫാമിനടുത്തായി കൈകാട്ടി എന്ന സ്ഥലത്തു ഒരു പ്രാഥമികാരോഗ്യകേന്ദ്രം തുടങ്ങിയതിനാൽ തൊഴിലാളികൾ കൈകാട്ടി പ്രാമികാരോഗ്യകേന്ദ്രത്തേയും നെന്മാറ ആശുപത്രിയെയുമാണ് ആശ്രയിക്കുന്നതെന്നും ഫാമിനടുത്തായി പ്രാഥമികാരോഗ്യകേന്ദ്രം തുടങ്ങുന്നതിനു മുമ്പ് തൊഴിലാളികളുടെ ആവശ്യത്തിനായി പ്രത്യേകം അനുവദിച്ച പ്രസ്തുത തസ്തികയുടെ ആവശ്യം നിലവിലില്ലായെന്നും ആരോഗ്യവകുപ്പ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അറിയിച്ചിരിക്കുന്നു.

2. പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിനു കീഴിലെ എഫ്.ഡബ്ല്യു. സ്റ്റോറിനു ഫാർമസിസ്റ്റ് തസ്തികയില്ലാത്തതിനാൽ നിലവിൽ ജില്ലാ ആശുപത്രിയിലെ ഒരു ഫാർമസിസ്റ്റ് ആണ് ഡിപ്ലോയ്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്നതെന്നും ആയതിനാൽ നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാം-ലെ ഫാർമസിസ്റ്റ് തസ്തിക പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിലെ എഫ്.ഡബ്ല്യു. സ്റ്റോറിലേയ്ക്ക് ഷിഫ്റ്റ് ചെയ്തു നൽകണമെന്നും ആരോഗ്യവകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരാമർശ കത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാം-ലെ ഫാർമസിസ്റ്റ് തസ്തിക പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിലെ എഫ്.ഡബ്ല്യു. സ്റ്റോറിലേയ്ക്ക് ഷിഫ്റ്റ് ചെയ്തു കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മൃണാൾസെൻ എം
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (എ&ഇ), കേരളം, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. *(ഈ ഉത്തരവ് കേരള സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Shabeen S
Date: 22-01-2025 15:02:14
സെക്ഷൻ ഓഫീസർ